# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

2015 മാര്‍ച്ച് 17, ചൊവ്വ

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങള്‍

**[ആകെ ചോദ്യങ്ങള്‍--30]**

മറുപടി നല്‍കുന്ന മന്ത്രിമാര്‍

മുഖ്യമന്ത്രി

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി

ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി

### ഭരണ സാമ്പത്തിക അധികാരങ്ങളുടെ ലഘൂകരണം

*151. ശ്രീ.പാലോട് രവി

,, വി.റ്റി.ബല്‍റാം

,, ഹൈബി ഈഡന്‍

,, എം.എ. വാഹീദ് **:** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് മുഖ്യമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) മിഷന്‍ 676ന്റെ ഭാഗമായി ഭരണ സാമ്പത്തിക അധികാരങ്ങളുടെ ലഘൂകരണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; എങ്കില്‍ വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) സര്‍ക്കാര്‍ സേവനങ്ങള്‍ വേഗത്തിലും കാര്യക്ഷമമായും ജനങ്ങള്‍ക്ക് ലഭിക്കുവാന്‍ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയില്‍ ഉള്‍പ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ആരുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങള്‍ നല്‍കുമോ;

### ടൂറിസം-തൊഴില്‍ മേഖലയില്‍ മദ്യനയം സൃഷ്ടിച്ച തിരിച്ചടികള്‍

*152. ശ്രീ.പുരുഷൻ കടലുണ്ടി

,, കെ.കെ.നാരായണൻ

,, ബാബു എം. പാലിശ്ശേരി

,, എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം-തൊഴിൽ മേഖലയിൽ മദ്യനയം സൃഷ്ടിച്ച തിരിച്ചടികൾ പഠിക്കാൻ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ സമിതിയുടെ പരിഗണനാവിഷയങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ടൂറിസം -തൊഴിൽ വകുപ്പ് സെക്രട്ടറിമാർ നൽകിയ റിപ്പോർട്ടിലെ ഏതെല്ലാം ശുപാർശകൾ മന്ത്രിസഭായോഗം പരിഗണിച്ചുവെന്നു വിശദമാക്കാമോ; വകുപ്പ് സെക്രട്ടറിമാർ ശുപാർശകൾ തയ്യാറാക്കിയത് ഏതെല്ലാം പരിഗണനകളുടെ അടിസ്ഥാനത്തിലായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) മദ്യനയം രൂപീകരിക്കുന്നതിനു മുമ്പ് നിയോഗിക്കപ്പെട്ടിരുന്ന കമ്മീഷന്റെ എന്തെല്ലാം നിഗമനങ്ങൾ സർക്കാർ തള്ളികളഞ്ഞുവെന്നു വ്യക്തമാക്കാമോ?

<u>പോലീസ് സേനയും ജനങ്ങളും തമ്മിലുള്ള അനുപാതം</u>

*153. ശ്രീ.ലൂഡി ലൂയിസ്

,, വർക്കല കഹാർ

,, പി.സി വിഷ്ണുനാഥ്

,, തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയും ജനങ്ങളും തമ്മിൽ ആവശ്യമായ അനുപാതം നടപ്പാക്കുന്നതിന് ആസൂത്രണം ചെയ്തിരിക്കുന്ന കർമ്മപരിപാടികൾ വിശദമാക്കുമോ;

(ബി) ഇതിനായി പോലീസ് സേനയുടെ അംഗസംഖ്യ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) സേനയുടെ അംഗബലം എത്ര ശതമാനം വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

<u>സമഗ്ര തൊഴിൽ പദ്ധതി</u>

*154. ശ്രീ.ജി.എസ്.ജയലാൽ

,, സി.ദിവാകരൻ

ശ്രീമതി.ഗീതാ ഗോപി

ശ്രീ.ഇ.ചന്ദ്രശേഖരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര തൊഴിൽ പദ്ധതിയുമായി ബന്ധപ്പെട്ട് ഉപസമിതികൾ നല്കിയ ശുപാർശകൾ ക്രോഡീകരിച്ചുള്ള പുതിയ നിർദ്ദേശങ്ങൾ ആസൂത്രണ ബോർഡ് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ശുപാർശകൾക്ക് ഗവൺമെന്റ് അംഗീകാരം നല്കിയിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) ഇതു സംബന്ധിച്ച് ഗവൺമെന്റ് അംഗീകാരം നല്കിയ ആസൂത്രണ ബോർഡിന്റെ നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

<u>സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം</u>

*155. ശ്രീ.മാത്യു റ്റി.തോമസ്

**,,** ജോസ് തെറ്റയിൽ

**,,** സി.കെ.നാണു

ശ്രീമതി.ജമീല പ്രകാശം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം 60 ആക്കി ഉയർത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപ് യുവജന സംഘടനകളുമായി ഫലപ്രദമായ ചർച്ചകൾ നടത്തിയിട്ടുണ്ടോ;

(സി) നിയമസഭാ വിഷയനിർണ്ണയ സമിതിയുടെ അംഗീകാരത്തോടെയല്ലാതെ ഉത്തരവ് പുറപ്പെടുവിക്കുവാനുണ്ടായ അസാധാരണ സാഹചര്യം എന്തെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത ഉത്തരവിൽ എന്തെങ്കിലും ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>കസ്റ്റഡിമരണം</u>

*156. ശ്രീ.കെ.കുഞ്ഞിരാമൻ **(ഉദുമ)**

**,,** ജെയിംസ് മാത്യു

**,,** ആർ. രാജേഷ്

**,,** എ. പ്രദീപ്കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കസ്റ്റഡിമരണവും പോലീസ് പീഡനം മൂലമുള്ള മരണവും വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കസ്റ്റഡിമരണത്തിന് ഉത്തരവാദികൾ കസ്റ്റഡിയിൽ എടുത്തവരാണെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ പറഞ്ഞിട്ടുള്ളത് അറിയാമോ;

(സി) കസ്റ്റഡി മരണം സംഭവിച്ചവരുടെ കുടുംബത്തിന് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) പോലീസ് അന്വേഷണത്തിന്റെ ഭാഗമായി കസ്റ്റഡിയിലാകുന്നയാളുടെ സംരക്ഷണ ഉത്തരവാദിത്വം ആർക്കാണെന്ന് വെളിപ്പെടുത്താമോ?

<u>വിദ്യാർത്ഥി പങ്കാളിത്ത വനവൽക്കരണ പദ്ധതികൾ</u>

*157. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ

,, കെ.ശിവദാസൻ നായർ

,, എ.പി.അബ്ദുള്ളക്കുട്ടി

,, എം.പി.വിൻസെന്റ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളെ ഉൾപ്പെടുത്തി വനവൽക്കരണ പദ്ധതികൾ നിലവിലുണ്ടോ; ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി വിദ്യാലയങ്ങളെ തെരഞ്ഞെടുക്കുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് പാലിക്കുന്നത്;

(സി) പദ്ധതിയുടെ വിജയത്തിനായി സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതിയുടെ പുരോഗതിയെക്കുറിച്ചും ഇതിന് കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോയെന്നും വിശദമാക്കുമോ ?

<u>എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണം</u>

*158. ശ്രീ.കെ.അച്ചുതൻ

,, കെ.മുരളീധരൻ

,, തേറമ്പിൽ രാമകൃഷ്ണൻ

,, എം.എ. വാഹീദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിന്റെ ആധുനികവൽകരണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

ജയിലുകളെ ഉൽപ്പാദന-വരുമാന കേന്ദ്രങ്ങളാക്കാൻ നടപടി

*159. ശ്രീ.സണ്ണി ജോസഫ്

,, പാലോട് രവി

,, ഡൊമിനിക് പ്രസന്റേഷൻ

,, വി.റ്റി.ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിലുകളെ ഉൽപ്പാദന-വരുമാന കേന്ദ്രങ്ങളാക്കാൻ പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത് മുഖേന എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ലക്ഷ്യം കൈവരിക്കാനായി ജയിലുകളിൽ നടക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

(ഡി) പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ;

എയർ കേരള

*160. ശ്രീ.ബെന്നി ബെഹനാൻ

,, കെ.ശിവദാസൻ നായർ

,, വി.ഡി.സതീശൻ

,, ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയർ കേരള ആഭ്യന്തര സർവ്വീസ് ആരംഭിക്കുന്നതിനുള്ള സാധ്യതാപഠനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും ഇപ്പോഴത്തെ സ്ഥിതിയും വിശദമാക്കാമോ;

(ബി) ഏതൊക്കെ വിമാനത്താവളങ്ങളെ ബന്ധിപ്പിച്ചായിരിക്കും ആഭ്യന്തര സർവ്വീസ് നടത്തുകയെന്ന് വ്യക്തമാക്കാമോ ;

(സി) ഗൾഫ് സർവ്വീസിന് അനുമതി ലഭിക്കുന്നതിനായുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ഡി) ആഭ്യന്തര സർവ്വീസ് വിപുലപ്പെടുത്തുന്നതിനായി എന്തൊക്കെ നൂതന പദ്ധതികളാണ് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഇ) പുതിയ വിമാനത്താവളങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം

നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

ലോകായുക്തയെ ശക്തിപ്പെടുത്തൽ

*161. ശ്രീ.വർക്കല കഹാർ

,, സണ്ണി ജോസഫ്

,, പി.സി വിഷ്ണുനാഥ്

,, ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകായുക്തയെ ശക്തിപ്പെടുത്താൻ എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) നിലവിൽ ഇവയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(സി) ലോക്പാൽ ബിൽ പ്രാബല്യത്തിൽ വരുമ്പോൾ ലോകായുക്തക്ക് കൂടുതൽ അധികാരം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

പരിസ്ഥിതി ആഘാത നിർണ്ണയ സമിതികൾ

*162. ശ്രീ.ഇ.കെ.വിജയൻ

,, സി.ദിവാകരൻ

,, കെ.രാജു

ശ്രീമതി.ഇ.എസ്.ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയും വിദഗ്ധ സമിതിയും നിലവിലുണ്ടോ; ഇല്ലെങ്കിൽ ഈ സമിതികൾ നിലവിലില്ലാതായിട്ട് എത്ര കാലമായെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സമിതികളുടെ ചുമതലകൾ എന്തെല്ലാമായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(സി) സമിതികൾ നിലവിലില്ലാതാകാനുള്ള കാരണങ്ങൾ വിശദമാക്കുമോ?

പ്രഖ്യാപിത മദ്യ നയം

*163. ശ്രീ.സി.കൃഷ്ണൻ

,, ഇ.പി.ജയരാജൻ

,, കെ.കുഞ്ഞമ്മത് മാസ്റ്റർ

,, ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിത മദ്യ നയത്തിൽ നിന്നും നടപടികളിൽ നിന്നും പിന്മാറിയതിനുള്ള സാഹചര്യം വിശദമാക്കാമോ;

<u>ലഹരി വസ്തുക്കളുടെ ഉപഭോഗം.</u>

*164. ഡോ.ടി.എം.തോമസ് ഐസക്

ശ്രീ.സാജു പോൾ

ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കള്ളവാറ്റും വ്യാജചാരായവും വ്യാജമദ്യവും വ്യാപകമായിട്ടുണ്ടോ: എങ്കിൽ ഈ സ്ഥിതിവിശേഷത്തെ ഏതെല്ലാം നിലയിൽ നേരിടാനാണ് ഉദ്ദേശിക്കുന്നത്;

(ബി) നിയമാനുസൃതവും അല്ലാതെയുമുള്ള വിവിധ മദ്യങ്ങളുടെയും ലഹരി വസ്തുക്കളുടെയും ഉപഭോഗത്തിൽ സാരമായ എന്തെങ്കിലും മാറ്റം ഉണ്ടായിട്ടുണ്ടോ;

(സി) അംഗീകൃത ഷോപ്പുകളുടെയും ബാറുകളുടെയും വില്പന മാത്രം അടിസ്ഥാനമാക്കി മദ്യപാനികളുടെ യഥാർത്ഥ ഉപഭോഗം തിട്ടപ്പെടുത്തൽ സാദ്ധ്യമാണോ;

(ഡി) കള്ളവാറ്റിനെയും സ്പിരിറ്റിനേയും സെക്കന്റ്സ് മദ്യങ്ങളേയും ആശ്രയിക്കുന്ന മദ്യപാനികളുടെ എണ്ണം സംസ്ഥാനത്തെങ്ങും പതിന്മടങ്ങ് വർദ്ധിച്ചിരിക്കുന്നതായുള്ള റിപ്പോർട്ടുകളിലേയ്ക്ക് ശ്രദ്ധ പതിപ്പിച്ചിട്ടുണ്ടോ; ഈ വർഷം ഇതിനകം എത്ര വ്യാജമദ്യ നിർമ്മാണ യൂണിറ്റുകൾ എക്സൈസ് വകുപ്പ് കണ്ടെത്തിയിട്ടുണ്ട്; വ്യാജമദ്യ നിർമ്മാണം വർദ്ധിച്ചിട്ടുള്ളതും, സാമൂഹ്യവിരുദ്ധ ശക്തികളുടെ പ്രധാന വരുമാനമാർഗ്ഗമായി മാറിയിട്ടുള്ളതും അറിയാമോ?

<u>ജനമൈത്രി എക്സൈസ്</u>

*165. ശ്രീ.വി.ഡി.സതീശൻ

,, എ.റ്റി.ജോർജ്

,, സി.പി.മുഹമ്മദ്

,, എം.പി.വിൻസെൻറ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും

തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനമൈത്രി എക്സൈസ് പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും വിശദമാക്കുമോ;

(സി) വ്യാജമദ്യം തടയുവാനും മദ്യത്തിനെതിരെ ബോധവത്കരണം നടത്തുവാനും എന്തൊക്കെ പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ആരുടെ നേതൃത്വത്തിലാണ് ഇത് പ്രാവർത്തികമാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;?

<u>ചെറിയ കുറ്റങ്ങൾക്ക് വിധേയരായവരെ നിരീക്ഷിക്കാൻ നിയമ സംവിധാനം</u>

*166. ശ്രീ.റോഷി അഗസ്റ്റിൻ

,, പി.സി. ജോർജ്

ഡോ.എൻ. ജയരാജ്

ശ്രീ.എം.വി.ശ്രേയാംസ് കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറിയ കാലയളവിലേക്ക് ശിക്ഷിക്കപ്പെടാൻ സാധ്യതയുള്ളവരേയും യുവകുറ്റവാളികളെയും തടവ് ശിക്ഷയ്ക്ക് വിധേയരാക്കുമ്പോൾ ജയിലിൽ ഇവർ കൊടുംകുറ്റവാളികളുമായി ഇടപഴകാനുള്ള സാധ്യത എത്രത്തോളമുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇപ്രകാരം ചെറിയ കുറ്റങ്ങൾക്ക് ശിക്ഷിക്കപ്പെട്ടവരും യുവകുറ്റവാളികളും കൊടുംകുറ്റവാളികളോട് ചങ്ങാത്തത്തിലാകുന്നത് തടയാൻ എന്തു ക്രമീകരണമാണ് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ളത്; ഇത് ഫലപ്രദമാണോ;

(സി) ചെറിയ കുറ്റങ്ങൾക്ക് വിധേയരായവരെയും മറ്റും സമൂഹത്തിൽ തന്നെ നിരീക്ഷിക്കുന്നതിനുള്ള നിയമ സംവിധാനം നിലവിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) 1958-ലെ പ്രൊബേഷൻ ഓഫ് ഒഫൻഡേഴ്സ് ആക്ട് കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>വനമേഖലയിലെ ഭരണസേവന പ്രവർത്തനങ്ങൾ</u>

*167. ശ്രീ.പി.ഉബൈദുള്ള

,, എൻ. ഷംസുദ്ദീൻ

,, കെ.എം.ഷാജി

,, എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയിലെ ആദിവാസി വിഭാഗങ്ങളുടെ ക്ഷേമം ഉറപ്പാക്കുന്നതിനും, കുറ്റമറ്റ സിവിൽ ഭരണസേവന പ്രവർത്തനങ്ങൾ നടത്തുന്നതിനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ ശരിയായി പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ടോ;

(ബി) എങ്കിൽ കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് എ.ഡി.ജി.പി. തലത്തിലെ ആരെയെങ്കിലും ചുമതലപ്പെടുത്തിയിരുന്നോ; എങ്കിൽ ഇതേവരെ നടത്തിയ ഏകോപന പ്രവർത്തനങ്ങളുടെ വിശദവിവരം നല്കാമോ?

## കെ.എസ്.ആർ.ടി.സി ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് സൗജന്യ യാത്ര

*168. ശ്രീ.ഷാഫി പറമ്പിൽ

,, ടി.എൻ. പ്രതാപൻ

,, അൻവർ സാദത്ത്

,, എ.റ്റി.ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് സൗജന്യ യാത്ര അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ യാത്രാസൗജന്യം സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ്; വിവരിക്കുമോ;

(സി) യാത്രാസൗജന്യം അനുവദിക്കുമ്പോൾ ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത എങ്ങനെ നേരിടാനാണ് കെ.എസ്.ആർ.ടി.സി ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ ;

(ഡി) യാത്രാസൗജന്യം നടപ്പാക്കാനായി എന്തെല്ലാം നടപടികൾ ഭരണതലത്തിൽ എടുത്തിട്ടുണ്ട്; വിശദമാക്കാമോ ?

## കെ.എസ്.ആർ.ടി.ഇ. അസോസിയേഷൻ നേതൃത്വത്തിൽ നടന്ന രാപകൽ സത്യാഗ്രഹ സമരം

*169. ശ്രീ.എളമരം കരീം

,, എം.ചന്ദ്രൻ

,, കെ.രാധാകൃഷ്ണൻ

,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ട കെ.എസ്.ആർ.ടി.ഇ. അസോസിയേഷൻ നേതൃത്വത്തിൽ നടന്ന രാപകൽ സത്യാഗ്രഹ സമരം ഒത്തുതീർപ്പാക്കിയത് ഏതെല്ലാം വ്യവസ്ഥകൾ അംഗീകരിച്ച് കൊണ്ടായിരുന്നുവെന്ന് വിശദമാക്കാമോ ;

(ബി) ഒത്തുതീർപ്പ് വ്യവസ്ഥകൾ നടപ്പാക്കിയിട്ടുണ്ടോ ; ഒത്തുതീർപ്പ് വ്യവസ്ഥകളിൽ നടപ്പിലാക്കാൻ അവശേഷിക്കുന്നവ എന്തൊക്കെയാണ് ; വിശദമാക്കാമോ ?

(സി)

<u>കാട്ടു തീ തടയുന്നതിനുള്ള നടപടികൾ</u>

*170. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്ത വേനൽ പരിഗണിച്ച് കാട്ടുതീ ഉണ്ടാകുന്നത് തടയുന്നതിനും അത് വഴി വനനശീകരണം ഒഴിവാക്കുന്നതിനും എന്തെല്ലാം മുൻകരുതലുകൾ എടുത്തിട്ടുണ്ട് എന്ന് വിശദമാക്കുമോ;

(ബി) ഇത് തടയുന്നതിന് വേണ്ട ആധുനിക ഉപകരണങ്ങൾ വനപാലകർക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ?

<u>കായൽ മലിനീകരണം നിയന്ത്രിക്കുവാൻ കർമ്മപദ്ധതി</u>

*171. ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി

,, എം.പി.വിൻസെൻറ്

,, ആർ . സെൽവരാജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കായൽ മലിനീകരണം നിയന്ത്രിക്കുവാൻ പരിസ്ഥിതി വകുപ്പ് കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>ക്രൈംബ്രാഞ്ചിന്റെ പ്രവർത്തനങ്ങൾ ആധുനികവത്ക്കരിക്കാൻ കർമ്മ പദ്ധതികൾ</u>

*172. ശ്രീ.പി.എ.മാധവൻ
,, ഹൈബി ഈഡൻ
,, വി.റ്റി.ബൽറാം
,, വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രൈം ബ്രാഞ്ചിന്റെ പ്രവർത്തനങ്ങൾ ആധുനികവത്ക്കരിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്: വിശദാംശങ്ങൾ എന്തെല്ലാം;

(സി) സൈബർ കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുവാനും തെളിയിക്കുവാനുമുള്ള കാര്യങ്ങൾ ആധുനികവത്ക്കരണത്തിൽ ഉൾപ്പെടുത്താമോ; വിശദമാക്കാമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

<u>ക്രിമിനൽ ട്രാക്കിംഗ് ആന്റ് നെറ്റ് വർക്ക് സിസ്റ്റം</u>

*173. ശ്രീ.സി.പി.മുഹമ്മദ്
,, എം.പി.വിൻസെന്റ്
,, ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പദ്ധതിയായ ക്രിമിനൽ ട്രാക്കിംഗ് ആന്റ് നെറ്റ് വർക്ക് സിസ്റ്റം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) സംവിധാനത്തിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ നൽകാമോ;

(സി) പദ്ധതി എങ്ങനെയാണ് നടപ്പാക്കുവാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) രാജ്യത്തെ എല്ലാ പോലീസ് സ്റ്റേഷനുകളെയും ബന്ധപ്പെട്ട മറ്റ് ഓഫീസുകളെയും കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ?

<u>മാരിടൈം ബോർഡ്</u>

*174. ശ്രീ.എ.റ്റി.ജോർജ്

,, എ.പി.അബ്ദുള്ളക്കുട്ടി

,, വി.പി.സജീന്ദ്രൻ

,, പി.സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാരിടൈം ബോർഡ് സ്ഥാപിക്കാൻ എന്തെല്ലാം ശ്രമങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) മത്സ്യസമ്പത്ത് വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്തുവാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

<u>സംസ്ഥാനത്തെ സ്റ്റേഡിയങ്ങളുടെ സംരക്ഷണവും കായിക താരങ്ങളുടെ ഉന്നമനവും</u>

*175. ഡോ.എൻ. ജയരാജ്

ശ്രീ.റോഷി അഗസ്റ്റിൻ

,, പി.സി. ജോർജ്

,, എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാഷണൽ ഗെയിംസിനായി നിർമ്മിച്ച സ്റ്റേഡിയങ്ങളും ഇതര സൗകര്യങ്ങളും എപ്രകാരം നിലനിർത്താനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ ഭാവി പ്രതീക്ഷകളായ കായിക താരങ്ങളെ വളർത്തിയെടുക്കാൻ നിലവിൽ ലഭ്യമായിട്ടുള്ള സൗകര്യങ്ങൾ എത്രത്തോളം പ്രയോജനകരമാണ്; വ്യക്തമാക്കുമോ;

(സി) ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം പോലുള്ള സംസ്ഥാനത്തിന്റെ അഭിമാനസ്തംഭങ്ങളായ സ്റ്റേഡിയങ്ങൾ മെഗാ ഷോകൾക്കും പ്രദർശനങ്ങൾക്കും വിട്ടുകൊടുത്ത് ഗ്രൗണ്ടിനു കേടുപാടുകൾ വരുത്താതിരിക്കാനുള്ള കർശന നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോ?

<u>വിഴിഞ്ഞം തുറമുഖ പദ്ധതി</u>

*176. ശ്രീ. എൻ .എ.നെല്ലിക്കുന്ന്

,, വി.എം.ഉമ്മർ മാസ്റ്റർ

,, സി.മമ്മൂട്ടി

,, കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതി വൈകുന്നതിൽ സുപ്രീം കോടതി പ്രകടിപ്പിച്ച ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പദ്ധതി വൈകിപ്പിക്കുന്നതിന് മനഃപ്പൂർവ്വമായ ശ്രമങ്ങൾ ഏതെങ്കിലും ഭാഗത്തു നിന്നും ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പ്രസ്തുത തുറമുഖ പദ്ധതിയുടെ കാലതാമസം ഒഴിവാക്കുന്നതിനുള്ള അടിയന്തിര നടപടി കൈക്കൊള്ളുമോ?

<u>രാജ്യാന്തര വനവൽക്കരണ പദ്ധതി</u>

*177. ശ്രീ.വി.എസ്.സുനിൽ കുമാർ

ശ്രീമതി.ഗീതാ ഗോപി

ശ്രീ.കെ.അജിത്

,, ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ സഹായത്തോടെ നടപ്പാക്കി വന്ന രാജ്യാന്തര വനവൽക്കരണ പദ്ധതി നിറുത്തിവയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം മേഖലകളിലാണ് അന്താരാഷ്ട്ര വനവൽക്കരണ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിരുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതി നിറുത്തിവയ്ക്കാൻ തീരുമാനിച്ചത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ?

<u>മത്സ്യ സമൃദ്ധി പദ്ധതി</u>

*178. ശ്രീ.അൻവർ സാദത്ത്

,, ബെന്നി ബെഹനാൻ

,, കെ.മുരളീധരൻ

,, തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും

തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യ സമൃദ്ധി പദ്ധതി നടപ്പാക്കി വരുന്നുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) ഈ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എന്തെല്ലാം വിവിധ പരിപാടികളാണ് നടത്താൻ ഉദ്ദേശിക്കുന്നത്;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

<u>എയർ കേരള സർവ്വീസുകൾ</u>

*179. ശ്രീ.പി.തിലോത്തമൻ

,, ഇ.കെ.വിജയൻ

,, കെ.രാജു

,, കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയർ കേരള സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആരംഭിക്കാൻ കഴിയാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) ആഭ്യന്തര സർവ്വീസുകൾ ആരംഭിക്കുന്നതിന്റെ സാദ്ധ്യതാ പഠനം നടത്താൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) എയർ കേരളയുടെ രാജ്യാന്തര സർവ്വീസുകൾ നടത്താൻ കഴിയാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

<u>ഡോ. മീനാകുമാരി കമ്മീഷൻ റിപ്പോർട്ട്</u>

*180. ശ്രീ.എസ്.ശർമ്മ

,, ബി.ഡി. ദേവസ്സി

,, കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

,, എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോ. മീനാകുമാരി കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പായാൽ, മത്സ്യത്തൊഴിലാളികൾ തൊഴിൽരഹിതരാകുന്ന സാഹചര്യത്തെ നേരിടാനും പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പ്രസ്തുത മേഖലയിൽനിന്നും അകറ്റുന്ന നടപടികളെ പ്രതിരോധിക്കാനും നടപടി സ്വീകരിക്കുമോ?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
10-03-2015

പി.ഡി.ശാരംഗധരൻ,

സെക്രട്ടറി.

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].